## വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്ന സൗരവൈദ്യുതി ഉല്പാദന സംവിധാനങ്ങളെ സംബന്ധിച്ച് ഉപഭോക്താക്കൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

### 1.0 പൊതുവിവരങ്ങൾ

1.1 കെ.എസ്.ഇ.ബി.എൽ-ന്റെ വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്ന സൗരവൈദ്യുതി ഉല്പാദന സംവിധാനങ്ങൾക്ക് (Grid Interactive Solar Plants) ഇപ്പോൾ കെ.എസ്.ഇ.ബി.എൽ അനുമതി നൽകുന്നുണ്ട്. ഇതു സംബന്ധിച്ച് 2014 ജൂൺ 10 ന് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരമാണ് അവയ്ക്ക് അനുമതി നൽകുന്നത്. കെ.എസ്.ഇ.ബി. എൽ-ന്റെ എല്ലാ ഉപഭോക്താക്കൾക്കും ഈ അനുമതി നൽകുന്നുണ്ട്.

1.2 കെ.എസ്.ഇ.ബി.എൽ-ഉം ഉപഭോക്താവുമായി നിലവിലുള്ള സർവീസ് കണക്ഷൻ കരാറിൽ പറഞ്ഞിരിക്കുന്ന പരിസരത്ത് (കൺസ്യൂമർ പ്രിമൈസിസ്) മാത്രമാണ് ഇത്തരം നിലയങ്ങൾ സ്ഥാപിക്കാവുന്നത്. ഒരു കിലോവാട്ട് മുതൽ ഒരു മെഗാവാട്ട് വരെ ശേഷിയുള്ള പ്ലാന്റുകൾക്ക് വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് അനുമതി നൽകുന്നതാണ്.

1.3 ഉപഭോക്താവിനു നൽകിയിരിക്കുന്ന സപ്ലൈ വോൾട്ടത അനുസരിച്ച്, സ്ഥാപിക്കാവുന്ന നിലയങ്ങളുടെ ശേഷി താഴെ പറയുന്നു.

| വോൾട്ടത | ശേഷി (കിലോവാട്ട് പീക്കിൽ) |
|---|---|
| 240 വോൾട്ട് സിംഗിൾ ഫേസ് | 1 മുതൽ 5 വരെ |
| 415 വോൾട്ട് ത്രീ ഫേസ് | പരമാവധി 100 വരെ |
| 11 കിലോ വോൾട്ട് | പരമാവധി 1000 വരെ |

1.4 സോളാർ പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ, കെ.എസ്.ഇ.ബി.എൽ-ന്റെ ശൃംഖലയിൽ നിന്നെടുത്ത് ഉപയോഗിച്ച വൈദ്യുതിയും (ഇറക്കുമതി) ശൃംഖലയിലേക്ക് കടത്തിവിട്ട വൈദ്യുതിയും (കയറ്റുമതി) തമ്മിലുള്ള വ്യത്യാസം അളക്കുന്ന ഉഭയദിശാ മീറ്ററും, സൗരപ്ലാന്റ് ഉല്പാദിപ്പിച്ച വൈദ്യുതി അളക്കുന്ന സോളാർ മീറ്ററും സ്ഥാപിക്കണം. ഇവ രണ്ടും സ്വന്തമായി ഉപഭോക്താവ് വാങ്ങുകയോ കെ.എസ്.ഇ.ബി.എൽ-നോട് സ്ഥാപിക്കാൻ അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്. കെ.എസ്.ഇ.ബി.എൽ-ന്റെ മീറ്ററുകൾ സ്ഥാപിക്കുമ്പോൾ നിലവിലുള്ള പ്രതിമാസ വാടക ബാധകമാണ്. അപേക്ഷകൻ സ്വന്തമായി വാങ്ങുന്ന മീറ്ററുകൾ യഥാസമയം ടെസ്റ്റ് ചെയ്യുന്നതിന് നേരത്തേതന്നെ അതത് ഇലക്ട്രിക്കൽ സെക്ഷനിൽ അറിയിക്കണം.

1.5 ഉഭയദിശാ മീറ്ററിലെ നെറ്റ് റീഡിംഗ് (കയറ്റുമതി-ഇറക്കുമതി മിച്ചം) ആണ് ബില്ലിങ്ങിന് ഉപയോഗിക്കുക. ഇറക്കുമതി കൂടിനിൽക്കുമ്പോൾ, മിച്ചവൈദ്യുതിക്ക് നിലവിലുള്ള താരിഫിൽ ഉപഭോക്താവിന് ബില്ല് നൽകും.

1.6 എന്നാൽ, കയറ്റുമതി കൂടിനിൽക്കുമ്പോൾ, ഉപഭോക്താവ് പണം അടയ്ക്കേണ്ടതില്ല. കൂടാതെ മിച്ചവൈദ്യുതി അടുത്ത മാസം ഉപയോഗിക്കാവുന്നതാണ്. ഇത് അതിനടുത്ത മാസങ്ങളിലും തുടരാം. ഒടുവിൽ, എല്ലാവർഷവും സെപ്റ്റംബർ 30 ന് മീറ്ററിൽ കയറ്റുമതി മിച്ചമുണ്ടെങ്കിൽ, അത്രയും വൈദ്യുതി കെ.എസ്.ഇ.ബി.എൽ വാങ്ങിയതായി പരിഗണിച്ച് വില നൽകും. ഇപ്രകാരം **ഒക്ടോബർ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിനെ "സെറ്റിൽമെന്റ് പിരീഡ്"** എന്നാണ് പറയുക. റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന, കെ.എസ്.ഇ.ബി.എൽ പുറമേനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വാങ്ങൽവില നിരക്കിലാണ് വില നൽകുക.

1.7 ഒരു ഉപഭോക്താവിന് ഒരു കൺസ്യൂമർ പരിസരത്ത് ഒന്ന് എന്ന വിധത്തിൽ നിരവധി കൺസ്യൂമർ പരിസരത്ത് സൗരവൈദ്യുതി സംവിധാനങ്ങൾ കെ.എസ്.ഇ.ബി.എൽ-ന്റെ വൈദ്യുതിവിതരണ ശൃംഖലയുമായി ബന്ധിപ്പിക്കാവുന്നതാണ്.

1.8 ഒരു സ്ഥലത്ത് ഉല്പാദിപ്പിച്ച വൈദ്യുതി അതേ ഉപഭോക്താവിന്റെ തന്നെ മറ്റിടങ്ങളിൽ ഉപയോഗിക്കാവുന്നതാണ്. അതിന് താഴെ പറയുന്ന വ്യവസ്ഥകൾ ബാധകമാണ്. (1) ആ സ്ഥലങ്ങളിലെ കണക്ഷൻ എഗ്രിമെന്റ് സ്വന്തം പേരിലായിരിക്കണം, (2) ഉല്പാദനസ്ഥലത്തെ കയറ്റുമതിമിച്ചം (സൗരോർജ്ജം ഉല്പാദിപ്പിക്കുന്ന കൺസ്യൂമർ പരിസരത്തെ ഉപഭോഗം കുറച്ചതിനു ശേഷം) പ്രതിമാസം 500 യൂണിറ്റോ അതിലധികമോ ആയിരിക്കണം, (3) സ്ഥലങ്ങളുടെ മുൻഗണനാക്രമം മുൻകൂട്ടി അപേക്ഷയോടൊപ്പം അറിയിക്കണം, (4) കയറ്റുമതി മിച്ചത്തിന്റെ 5% വിതരണനഷ്ടമായും മറ്റു ചെലവുകൾക്കായും കുറവു ചെയ്യും.

1.9 ടി.ഒ.ഡി. (ടൈം ഓഫ് ഡേ) ആധാരമായ ബില്ലിംഗ് സമ്പ്രദായത്തിലുള്ള ഉപഭോക്താക്കൾ ഉല്പാദിപ്പിക്കുന്ന സൗരവൈദ്യുതിയുടെ ഉപയോഗം (1) ആദ്യം രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെയുള്ള സമയത്തും (നോർമൽ പീരീഡ്), (2) മിച്ചമുണ്ടെങ്കിൽ അത് വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെയുള്ള സമയത്തും (പീക്ക് പീരീഡ്), (3) വീണ്ടും മിച്ചമുണ്ടെങ്കിൽ അത് രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെയുള്ള സമയത്തും (ഓഫ്-പീക്ക് പീരീഡ്) ഉപയോഗിച്ചതായി കണക്കാക്കും.

1.10 സൗരവൈദ്യുതി നിലയങ്ങളുടെ രൂപകൽപ്പന, നിർമാണഘണം, പ്രതിഷ്ഠാപനം, സുരക്ഷിതമായ പ്രവർത്തനം തുടങ്ങിയവ ഉപഭോക്താവിന്റെ പൂർണ്ണ ഉത്തരവാദിത്തം ആയിരിക്കും. കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 2013 ലെ "ടെക്നിക്കൽ സ്റ്റാൻഡേർഡ്സ് ഓഫ് കണക്ടിവിറ്റി ഫോർ ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ റിസോഴ്സസ്" എന്ന റഗുലേഷൻ അനുസരിച്ചാണ് നിലയങ്ങൾ സ്ഥാപിക്കേണ്ടതും പ്രവർത്തിപ്പിക്കേണ്ടതും.

1.11 അടിയന്തിരഘട്ടങ്ങളിൽ കെ.എസ്.ഇ.ബി.എൽ ആവശ്യപ്പെട്ടാൽ, സൗരോർജ്ജ സംവിധാനം പരിശോധിക്കുവാൻ അനുവദിക്കേണ്ടതാണ്.

## 2.0 അനുമതിയ്ക്കുള്ള നടപടിക്രമങ്ങൾ

2.1 സൗരവൈദ്യുതിനിലയങ്ങൾ കെ.എസ്.ഇ.ബി.എൽ-ന്റെ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന്, **അനുബന്ധം-1** ലെ അപേക്ഷ പൂരിപ്പിച്ച്, അതാത് സ്ഥലത്തെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നൽകേണ്ടതാണ്. അപേക്ഷാഫീസായി 1000 രൂപ പണമായോ, അസിസ്റ്റന്റ് എൻജിനീയറുടെ പേരിലെടുത്ത ബാങ്ക് ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അടയ്ക്കണം.

2.2 നിലയം വിതരണശൃംഖലയിൽ ഘടിപ്പിക്കാൻ കഴിയുമോ എന്നു പരിശോധിച്ച് 15-ാം ദിവസമോ അതിനുള്ളിലോ അപേക്ഷകനെ സാധ്യതാപത്രം (ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്) മുഖേന അറിയിക്കും. അതിന് 30 ദിവസത്തെ പ്രാബല്യമുണ്ട്. നിലയം ഘടിപ്പിക്കുന്ന ട്രാൻസ്ഫോർമറിന്റെ ശേഷിയുടെ 15% വരെ പരമാവധി ശേഷിയുള്ള നിലയങ്ങൾ ഘടിപ്പിക്കാം. അതിനു മുകളിൽ പ്രത്യേക പഠനം നടത്തിയിട്ടായിരിക്കും സാധ്യത നിർണ്ണയിക്കുന്നത്.

2.3 തുടർന്ന് സാധ്യതാപത്ര തീയതി മുതൽ 30 ദിവസത്തിനുള്ളിൽ അപേക്ഷകൻ സൗരോർജ്ജനിലയം **അനുബന്ധം-2** ലെ അപേക്ഷാമാതൃകയിൽ അതത് സെക്ഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. നിലയത്തിന്റെ ശേഷി കിലോവാട്ടിന് 1000 രൂപ എന്ന നിരക്കിലാണ് രജിസ്ട്രേഷൻ ഫീസ്. (ഭിന്നസംഖ്യകൾ തൊട്ടുയർന്ന പൂർണ്ണസംഖ്യയായി കണക്കാക്കും) രജിസ്ട്രേഷൻ കാലാവധി ആറുമാസമാണ്. ഉചിതമായ കാരണങ്ങൾ ഉണ്ടെങ്കിൽ രേഖാമൂലം അപേക്ഷിക്കുന്ന പക്ഷം ആറുമാസംകൂടി കാലാവധി ദീർഘിപ്പിച്ചു നൽകുന്നതാണ്. ആറുമാസത്തിനുള്ളിൽ ശരിയായ കാരണങ്ങളില്ലാതെ നിലയം സ്ഥാപിക്കാതെ വന്നാൽ രജിസ്ട്രേഷൻ ഫീസ് നഷ്ടപ്പെടുന്നതാണ്. എന്നാൽ മതിയായ കരണങ്ങളുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം അപേക്ഷ പിൻവലിക്കാൻ അനുവദിക്കുന്നതും 80% രജിസ്ട്രേഷൻ ഫീസ് മടക്കി നൽകുന്നതും ആണ്.

2.4 അതേത്തുടർന്ന് ആറുമാസത്തിനുള്ളിൽ അംഗീകൃത വയർമാൻ / സൂപ്പർ വൈസർ / കോൺട്രാക്ടർ മുഖേന നിലയം സ്ഥാപിക്കണം. (നിശ്ചിത സമയത്തിനുള്ളിൽ സൗരോർജ്ജനിലയം പൂർത്തീകരിക്കുന്ന ഉപഭോക്താവിന് രജിസ്ട്രേഷൻ ഫീസിന്റെ 80% തിരികെ നൽകുന്നതാണ്.) അതിനുശേഷം ബന്ധപ്പെട്ട ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്ന് അനുമതി (എനർജൈസേഷൻ സർട്ടിഫിക്കറ്റ്) വാങ്ങണം.

മേൽ അനുമതിപത്ര(എനർജൈസേഷൻ സർട്ടിഫിക്കറ്റ്)ത്തോടുകൂടി, **അനുബന്ധം-3** പ്രകാരം നിലയം ടെസ്റ്റു ചെയ്യുന്നതിന് അപേക്ഷിക്കാം. തുടർന്ന് നിലയം 10 ദിവസത്തിനകം കെ.എസ്.ഇ.ബി.എൽ ടെസ്റ്റു ചെയ്യും. ടെസ്റ്റ് ചെയ്യുന്ന ദിവസം അപേക്ഷകനെ മുൻകൂട്ടി അറിയിച്ചിരിക്കും. ടെസ്റ്റ് വിജയകരമായി പൂർത്തീകരിച്ചാൽ ടെസ്റ്റ് സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകുന്നതാണ്. തുടർന്ന്, 15 ദിവസത്തിനുള്ളിൽ നെറ്റ്-മീറ്റർ എഗ്രിമെന്റ് (**അനുബന്ധം-10**) ഒപ്പുവയ്ക്കണം. സ്ഥാപിക്കുന്ന നെറ്റ് മീറ്ററിന്റെ

ശേഷി അനുസരിച്ച് കരാർ ഒപ്പുവയ്ക്കേണ്ടതാണ് (**അനുബന്ധം-11**). അതു കഴിഞ്ഞ് 7 ദിവസത്തിനുള്ളിൽ മീറ്ററുകൾ ഘടിപ്പിച്ച് നിലയം കെ.എസ്.ഇ.ബി.എൽ-ന്റെ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചു നല്കും.

2.5 എനർജി മീറ്ററുകൾ സ്വന്തമായി വാങ്ങാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ കെ.എസ്.ഇ.ബി.എൽ നിശ്ചയിച്ചിരിക്കുന്ന തരം മീറ്ററുകൾ വാങ്ങിയശേഷം അവ ടെസ്റ്റ് ചെയ്തുകിട്ടുന്നതിന് ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അറിയിക്കേണ്ടതാണ്.

2.6 അല്ലാത്തപക്ഷം കെ.എസ്.ഇ.ബി.എൽ മീറ്റർ സ്ഥാപിക്കുന്നതാണ്. അവയ്ക്കു റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച പ്രതിമാസ വാടക ബാധകമാണ്.

2.8 കെ.എസ്.ഇ.ബി.എൽ-ന്റെ വൈദ്യുതശൃംഖലയുമായി ബന്ധിപ്പിച്ചു കഴിഞ്ഞാൽ പ്രസ്തുത സൗരോർജ്ജനിലയം പ്രവർത്തിപ്പിച്ചു തുടങ്ങാവുന്നതാണ്

9/9/16

**രാജ് തിലകൻ. എം.ജി**

**സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)**

21/7